**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 128** **15-03-2022 - ൽ മറുപടിയ്ക്ക്**

**കന്നുകാലികളുടെ പ്രജനന നയം നിയമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **null<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പിന്തുടരുന്ന കന്നുകാലികളുടെ പ്രജനന നയം നിയമമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കന്നുകാലി പ്രജനന നയം 2022 നിയമമാക്കുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | കന്നുകാലികളുടെ തനത് ജൈവവൈവിധ്യം കാത്തുസൂക്ഷിക്കുന്നതിനും കാലിസമ്പത്തിലെ വിദേശി, സ്വദേശി ഇനങ്ങളുടെ അനുപാതം നിലനിർത്തുന്നതിനും പ്രസ്തുത നിയമം സഹായകമാകുമോയെന്ന് വിശദമാക്കാമോ; | (ബി) | നിർദ്ദിഷ്ട കരട് ആക്ടിൽ കന്നുകാലി പ്രജനന അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ കേരള സംസ്ഥാനത്തിന്റെ കന്നുകാലി സേവനങ്ങളും പ്രജനന നയവും രൂപം നൽകുകയെന്നത് കൂടാതെ കേരളത്തിന് അകത്തോ പുറത്തോ അല്ലെങ്കിൽ മറ്റേതെങ്കിലും രാജ്യത്ത് നിന്ന് ഇറക്കുമതി ചെയ്യുന്ന ബീജത്തിന്റെയോ, ഭ്രൂണത്തിന്റേയോ സംഭരണം, വിൽപ്പന, ഉപയോഗം നിയന്ത്രിക്കുക എന്നത് ഉൾപ്പെട്ടിട്ടുണ്ട്. കൃത്രിമ ബീജവിതരണമേഖലയിലെ സ്വകാര്യ ഏജൻസികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഈ നിയമം സഹായകമാകും. കൂടാതെ ഏതെല്ലാം വിദേശ ജനുസ്സുകളുടെ ബീജമാത്രകൾ സംസ്ഥാനത്ത് ഉപയോഗിക്കാം എന്നും നിയമം വ്യക്തമാക്കുന്നുണ്ട്. തനത് ജനുസ്സുകളുടെ സംരക്ഷണവും പരിപാലനവും നിയമത്തിലൂടെ ഉറപ്പാക്കപ്പെടുന്നു. |
| (സി) | കൃത്രിമ ബീജ വിതരണ മേഖലയിലെ സ്വകാര്യ ഏജൻസികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിയന്ത്രിക്കുന്നതിന് പ്രസ്തുത നിയമം ഫലപ്രദമാകുമോയെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് കന്നുകാലികളിൽ ഉപയോഗിക്കാവുന്ന ബീജമാത്രകൾ ഏത് ഏജൻസികളിൽ നിന്നുള്ളവയായിരിക്കണം എന്ന് മേൽ നിയമത്തിൽ വിവക്ഷിക്കുന്നു എന്നതിനാൽ സ്വകാര്യ ഏജൻസികളുടെ പ്രവർത്തനം നിയന്ത്രിക്കുവാൻ സാധിക്കും. കൂടാതെ കേരളത്തിന് അകത്തോ, പുറത്തോ ഉത്പ്പാദിപ്പിക്കുന്നതോ, അല്ലെങ്കിൽ മറ്റേതെങ്കിലും രാജ്യത്ത് നിന്ന് ഇറക്കുമതിചെയ്യുന്നതോ ആയ ബീജത്തിന്റേയോ, ഭ്രൂണത്തിന്റേയോ സംഭരണം, വില്പന, ഉപഭോഗം എന്നിവ നിയന്ത്രിക്കുന്നത് കന്നുകാലി പ്രജനന |

| | | | |
|---|---|---|---|
| | | | അതോറിറ്റിയുടെ ചുമതലയാണ്. എല്ലാ വിത്തുകാളകളെയും സാക്ഷ്യപ്പെടുത്തേണ്ടത് ഈ അതോറിറ്റിയാണ്. അതോറിറ്റി നിശ്ചയിക്കുന്ന ഗുണനിലവാര പ്രവർത്തന നടപടിക്രമങ്ങൾ അനുസരിച്ച് പരിശീലനം സിദ്ധിച്ച കൃത്രിമ ബീജാധാന തൊഴിലാളികളെ മാത്രമേ സംസ്ഥാനത്തെ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുവദിക്കുകയുള്ളൂ. |
| (ഡി) | സംസ്ഥാനത്തിന്റെ തനത് പശു ഇനങ്ങളായ കുട്ടമ്പുഴ കുള്ളൻ, വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയുടെ സംരക്ഷണത്തിനായി പദ്ധതികൾ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ? | (ഡി) | വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയാണ് കേരളത്തിലെ തനത് നാടൻ പശുയിനങ്ങളായി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. ഈ നാടൻ ജനുസ്സുകളുടെ ബീജം കേരളത്തിലെ മൃഗാശുപത്രികളിൽ ലഭ്യമാണ്. കേരളത്തിലെ ഒരു പ്രധാന നാടൻ പശുയിനമായ വെച്ചൂർ പശുക്കളെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കുടപ്പനക്കുന്നിലുള്ള ജില്ലാ കന്നുകാലി ഫാം, വിതുര ജെഴ്സി ഫാം എന്നീ സ്ഥാപനങ്ങളിൽ സംരക്ഷിക്കുന്നുണ്ട്. വെച്ചൂർ, കാസർഗോഡ് കുള്ളൻ ജനുസ്സുകളെ വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ ഫാമുകളിലും, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ തൃശ്ശൂർ ജില്ലയിലെ പൂത്തൂർ ലൈവ് സ്റ്റോക്ക് ഫാമിലും പരിപാലിച്ചു പോരുന്നു. വടക്കൻ കേരളത്തിലെ നാടൻ ഇനമായ 'കാസർകോഡ് കുള്ളൻ' എന്ന ഇനത്തെ സംരക്ഷിക്കാൻ ബദിയടുക്കയിൽ സർക്കാർ ഒരു ഫാം നടത്തിവരികയാണ്. KLDBയുമായി സഹകരിച്ച് ഓണാട്ടുകര വികസന ഏജൻസി സ്കൂൾ കുട്ടികൾക്ക് 'കാസർകോഡ് കുള്ളൻ പശുക്കുട്ടികളെ വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കി വരികയാണ് എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്തിലെ പെരിയാർ പുഴയുടെ തീരപ്രദേശങ്ങളിൽ കുട്ടമ്പുഴ കുള്ളൻ അല്ലെങ്കിൽ പെരിയാർ പശു എന്ന പേരുള്ള ഇനത്തിലെ പശുക്കളെ കണ്ടു വരുന്നു. ഈ ഇനം കാലികൾക്ക് വംശനാശം സംഭവിക്കുന്നതിനാൽ അവയുടെ സംരക്ഷണത്തിനായി കുട്ടമ്പുഴകുള്ളൻ ഇനം കൂടുതൽ ഉള്ള മേഖലകളിൽ ബീജമാത്രകൾ ലഭിക്കുന്നതിനായി ശുദ്ധജനുസ്സിൽപ്പെട്ട രണ്ട് വിത്തുകാളകളെ ബീജോൽപാദനത്തിനായി ആവശ്യമായ പരിശോധനകൾക്ക് KLD ബോർഡ് തെരഞ്ഞെടുത്തിട്ടുണ്ട്. 2019 മുതൽ കേന്ദ്ര കാർഷിക ഗവേഷണ കൗൺസിൽ (ICAR) ഈ ഇനം പശുക്കളെക്കുറിച്ച് പഠനം നടത്തി വരുന്നുണ്ട്. ഈ ഇനത്തിന് പ്രത്യേക ബ്രീഡ് പദവി നൽകുന്നതിന് നാഷണൽ ബ്യൂറോ ഓഫ് അനിമൽ ജനറ്റിക്ക് |

| | | | |
|---|---|---|---|
| | | | റിസോഴ്സസ് (NBAGR) മുഖേന സാധ്യതാ പഠനങ്ങളും നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ